## സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 4

ഓൺലൈൻ അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയം, തസ്വഭവ ,കോട്ടയം
14.06.2024 11.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Sabitha S Valungal, P Asst.Executuve Engineer Kanjirappally Block Panchayath
3. Manu Mohan Asst.Executuve Engineer,Vazhoor Block Panchayath
4. Vishnuprasad U Asst. Town Planner LSGD Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

1. സജി എം കെ വാഴൂർ ഗ്രാമപഞ്ചായത്ത് പ്ലോട്ട് സബ് ഡിവിഷൻ വഴി വിറ്റ ഭൂമി ആയതിനാൽ ലാൻഡ് ഡെവലപ്മെൻറ് പെർമിറ്റ് സമർപ്പിക്കാതെ പെർമിറ്റ് നൽകാൻ സാധിക്കുകയില്ല എന്ന് സെക്രട്ടറി അറിയിച്ചു. പരാതിക്കാരനോട് ലാൻഡ് ഡെവലപ്മെൻറ് പെർമിറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടു.
2. സിജോ ജോസ് – മണിമല ഗ്രാമ പഞ്ചായത്ത് പത്താം വാർഡിൽ പരാതിക്കാരൻ പുതിയതായി നിർമ്മിച്ച കെട്ടിത്തിൻറെ നികുതി നിർണ്ണയത്തിനുള്ള ഫയലിന്റെ പരിശോധനാവേളയിൽ പഞ്ചായത്ത് അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള ട്രസ്സ്ഡ് മേൽക്കൂര ശ്രദ്ധയിൽ പെടുകയും ആയതിൻറെ 159.10 ച.മീറ്റർ വിസ്തീർണ്ണത്തേക്കൂടി കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടം 2019 റൂൾ 74(2) ഉപചട്ടം 1 പ്രകാരം ഫീസ് കണക്കാക്കുന്നതിനായി പരിഗണിക്കുകയും ചെയ്തു. ഫീസ് ഈടാക്കേണ്ട ആകെ വിസ്തീർണ്ണം 318.20 ച മീറ്ററായിരുന്നു . പെർമിറ്റ് അനുവദിച്ച സമയത്ത് ഹാജരാക്കിയിരുന്ന പ്ലാനിൽ രേഖപ്പെടുത്തിയിരുന്ന 159.10 ച.മീറ്റർ കഴിച്ചുള്ള വിസ്തീർണ്ണത്തിന് ക്രമവല്ക്കരണ ഫീസ് ഇനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 300 രൂപ പ്രകാരം 47730/- രൂപ അടവാക്കുന്നതിന് പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നു. റിവൈസ്ഡ് പെർമിറ്റ് ലഭ്യമാകാതെ അഡീഷണൽ ടൈൽ റൂഫിന്റെ നിർമ്മാണം പൂർത്തിയാക്കിയതിനാൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ 2019 റൂൾ 74,74(2) പ്രകാരം ക്രമവല്ക്കരണ ഫീസ് ഈടാക്കേണ്ടതാണ് എന്ന് സെക്രട്ടറി അറിയിച്ചു. ഫീസിൽ ഇളവ് അനുവദിക്കുന്നത് സാധ്യമാകുമോ എന്ന് പരിശോധിക്കാൻ സെക്രട്ടറിയോട് നിർദേശിച്ചു.
3. സലിം ആലിയ മൻസിൽ -ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി. പരാതിക്കാരനെ ബന്ധപ്പെടാൻ സാധിച്ചിട്ടില്ല. ഫോൺ നമ്പർ അപേക്ഷയിൽ വെച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിൽ അന്വേഷിച്ചതിൽ നിന്നും ഇത്തരത്തിൽ ഒരാളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
4. സാബു എ ജെ കൊഴുവനാൽ– പരാതിക്കാരന്റെ പരാതി പരിഹരിച്ചതായും കെട്ടിട നമ്പർ ലഭിച്ചതായും അറിയിച്ചു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Dr.ചിത്ര പി അരുണിമ KAS
ഇന്റേണൽ വിജിലൻസ് ഓഫീസർ